**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 149 - 11/06/2012-ലെ മറുപടിക്ക്**

**2011-12 വർഷത്തിൽ സംസ്ഥാനത്തിന് നഷ്ടമായ കേന്ദ്ര സർക്കാർ ഫണ്ടുകൾ**

**ചോദ്യം**

ശ്രീ. കെ.കെ.ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലവും തുക കൃത്യസമയത്ത് ചെലവഴിക്കാത്തതുമൂലവും കേന്ദ്ര സർക്കാരിൽ നിന്നുള്ള എന്തെല്ലാം ഫണ്ടുകളാണ് 2011-12 ൽ സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമാകുന്ന തുക കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വിനിയോഗിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുക നിർദ്ദിഷ്ട സമയ പരിധിയ്ക്കുള്ളിൽ ചെലവഴിക്കാൻ കഴിയാതിരുന്നാൽ കേന്ദ്ര സർക്കാർ സമയ പരിധി ദീർഘിപ്പിക്കാറുണ്ട്. ചില കേന്ദ്ര പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതും തുക ലഭിക്കുന്നതും വർഷാന്ത്യത്തിലാകാറുണ്ട്. ഇത് തൻ വർഷങ്ങളിൽ തുക പൂർണമായും ചെലവഴിക്കുന്നതിന് തടസ്സമാകാറുണ്ട്. ഇത്തരത്തിൽ വേർതിരിച്ച 2011-12-ലെ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി)2011-12-ൽ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകളാണ് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതെന്ന് വിശദമാക്കുമോ? | 2011-12-ലെ വകുപ്പ് തല താൽകാലിക കണക്കുകൾ പ്രകാരം 100% കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 83% വും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 100%വും തുക വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിശദാംശത്തിന് അനുബന്ധം കാണുക. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.